പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4447 | 27/06/2013 -ൽ മറുപടിക്ക്

## സബ്‌രജിസ്ട്രാർ ആഫീസുകളിലെ സേവന ഫീസും ന്യായവില രജിസ്റ്ററിലെ അപാകതകളും

**ചോദ്യം**

ശ്രീ. സി. ദിവാകരൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
,, കെ. രാജു:

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് വസ്തുകൈമാറ്റ രജിസ്ട്രേഷൻ വഴിയുള്ള വരുമാനം കുറഞ്ഞുവരുന്നുണ്ടോ; 2013 മേയ് മാസത്തിൽ രജിസ്ട്രേഷൻ വഴിയുള്ള വരുമാനം എത്രയായിരുന്നു; ഇത് മുൻ മാസങ്ങളെ അപേക്ഷിച്ച് കൂടുതലോ, കുറവോ എന്ന് വ്യക്തമാക്കുമോ;

എ) സംസ്ഥാനത്ത് വസ്തു കൈമാറ്റ രജിസ്ട്രേഷൻ വഴിയുള്ള വരുമാനം മുൻ മാസങ്ങളെ അപേക്ഷിച്ച് 2013 മേയിൽ കുറവാണ്. 2013 മേയ് മാസത്തെ വരുമാനവും, മുൻ മാസങ്ങളിലെ വരുമാനവും ചുവടെ ചേർക്കുന്നു:

(തുക കോടി രൂപയിൽ)

| മാസം | സ്റ്റാമ്പ് ഡ്യൂട്ടി | രജി. ഫീസ് | ആകെ |
|---|---|---|---|
| 2013 മേയ് | 137.08 | 66.20 | 203.28 |
| 2013 ഏപ്രിൽ | 151.18 | 65.05 | 216.23 |
| 2013 മാർച്ച് | 183.62 | 60.15 | 243.77 |
| 2013 ഫെബ്രുവരി | 160.49 | 55.51 | 216.00 |

മുൻ മാസങ്ങളെ അപേക്ഷിച്ച് സ്റ്റാമ്പ് ഡ്യൂട്ടിയിൽ കുറവുണ്ടായിട്ടുണ്ടെങ്കിലും, രജിസ്ട്രേഷൻ ഫീസിൽ വർദ്ധനവാണുണ്ടായിട്ടുള്ളത്

ബി) സബ്‌രജിസ്ട്രാർ ആഫീസുകളിലെ സേവനങ്ങളുടെ ഫീസ് നിരക്ക് അമിതമായി വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിൽ നിലവിലുണ്ടായിരുന്ന നിരക്കും വർദ്ധിപ്പിച്ച നിരക്കും

ബി) സബ് രജിസ്ട്രാറാഫീസിലെ സേവനങ്ങളുടെ ഫീസ് നിരക്ക് അമിതമായി വർദ്ധിപ്പിച്ചിട്ടില്ല. ഏറെക്കാലമായി മാറ്റം വരുത്താത്ത രജിസ്ട്രേഷൻ ഫീസ്, കാലാനുസൃതമായി പുതുക്കി നിശ്ചയിക്കു

വ്യക്തമാക്കുമോ;

കയാണ് ചെയ്തിട്ടുള്ളത്. നിലവിലുണ്ടായിരുന്ന നിരക്കും, വർദ്ധിപ്പിച്ച നിരക്കും സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു.

(സി) ന്യായവില രജിസ്റ്ററിലെ അപാകതകൾ ഇതുവരെ പരിഹരിച്ചില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

(സി) ഉണ്ട്. 1959-ലെ കേരള മുദ്രപ്പത്ര നിയമം 28(എ) വകുപ്പനുസരിച്ചുള്ള അധികാരം വിനിയോഗിച്ചുകൊണ്ട്, 1995-ലെ കേരള മുദ്രപ്പത്ര (ഭൂമിയുടെ ന്യായവില നിർണ്ണയം) ചട്ടങ്ങളിലെ നടപടിക്രമം പാലിച്ചാണ്, 06.03.2010-ലെ കേരള ഗസറ്റ്(അസാധാരണം) 515-ാം നമ്പരായി സംസ്ഥാനത്തെ 21 റവന്യു ഡിവിഷനുകളിലെയും ഭൂമിയുടെ ന്യായവില നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ളത്. ഇപ്രകാരം അന്തിമമായി നിജപ്പെടുത്തിയ ന്യായവിലയിൽ ഭൂമിയുടെ ക്ലാസിഫിക്കേഷൻ, സബ് ഡിവിഷൻ എന്നിവയിൽ തെറ്റായ വില നിർണ്ണയം, വില നിർണ്ണയിക്കാൻ വിട്ടുപോകൽ, തുകയിൽ ക്ലറിക്കൽ തെറ്റുകൾ, വില്ലേജുകൾ മൊത്തമായി വില നിർണ്ണയിക്കാൻ വിട്ടുപോകൽ തുടങ്ങിയ അപാകതകൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെടുകയും, ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകാൻ 30.10.11-ലെ ജി.ഒ.(ആർ.റ്റി.)936/2011/നി.വ. നമ്പർ ഉത്തരവു മുഖേന ഒരു മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തുകയും, വീണ്ടും 11.5.12-ലെ ജി.ഒ.(ആർ.റ്റി.)3506/2012/നി.വ. നമ്പർ സർക്കാർ ഉത്തരവു മുഖേന, ബഹു. ഭക്ഷ്യ-പൊതുവിതരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി കൺവീനറായി ടി ഉപസമിതി പുന:സംഘടിപ്പിക്കുകയും ചെയ്തു. ടി ഉപസമിതിയുടെ തീരുമാനപ്രകാരം, അപാകതകൾ സംബന്ധിച്ചു ലഭിക്കുന്ന അപ്പീലുകൾ തീർപ്പാക്കാൻ റവന്യു വകുപ്പ് അധികാരികളെ ചുമതലപ്പെടുത്തുകയും, അപാകതകൾ ആദ്യം തിരിച്ചറിയുന്ന ഉദ്യോഗസ്ഥർ എന്ന നിലയിൽ അപ്പീലുകൾ സമർപ്പിക്കാൻ സബ് രജിസ്ട്രാർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു. അപാകതകൾ സംബന്ധിച്ച അപ്പീൽ സമർപ്പിക്കുന്നതിനുള്ള കാലാവധി 30 ദിവസത്തിൽ നിന്ന് ഒരു വർഷം വരെ ദീർഘിപ്പിച്ചു

കൊണ്ടും ജില്ലാ കളക്ടർക്ക് ബോദ്ധ്യമാകുന്ന പക്ഷം, അതിനുശേഷം ലഭിക്കുന്ന അപ്പീലുകളും പരിഗണിക്കാൻ അനുവദിച്ചുകൊണ്ടും നിയമ ഭേദഗതി വരു ത്തിയിട്ടുണ്ട്. മേൽപ്രകാരമുള്ള അപ്പീലു കളിൽ 31.12.2012 വരെയുള്ളവ 28.02.2013-നു മുൻപായി തീർപ്പാക്കിയിട്ടുള്ളതായി ജില്ലാ കളക്ടർമാരിൽ നിന്ന് അറിവായിട്ടുണ്ട്. ഫെയർവാല്യു നിശ്ചയിച്ചതിലുള്ള അപാകതകൾ പരിഹരിക്കുന്നതും അപ്പീലുകളിൽ തീരുമാന മെടുക്കുന്നതും ബന്ധപ്പെട്ട അധി കാരികൾ നിശ്ചിത സമയപരിധിക്കുള്ളിൽ തീർക്കേണ്ടതാണെന്നും ഇത് സംബന്ധിച്ചുള്ള അവലോകനം ചീഫ് സെക്രട്ടറി യുടെ നേതൃത്വത്തിൽ നടത്തി സമയ പരിധി നിശ്ചയിച്ച് ആവശ്യമായ മറ്റ് നടപടികൾ കൈകൊള്ളുവാനും ആയതിന്റെ പുരോഗതി മന്ത്രിസഭാതലത്തിൽ അവലോകനം നടത്തുവാനും, സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ന്യായവില സംബന്ധിച്ച അപാകതകളിന്മേലുള്ള അപ്പീലുകൾ ഇപ്പോഴും ലഭിച്ചു കൊണ്ടിരിക്കുന്നു. ഇതൊരു തുടർ പ്രക്രിയയാണ്. ടി അപ്പീലുകളിൻമേൽ ജില്ലാ കളക്ടർമാർ അടിയന്തിരനടപടി സ്വീകരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.

അനുബന്ധം

# സബ് രജിസ്ട്രാർ ഓഫീസിൽ നിന്നുള്ള സേവനങ്ങൾക്ക് ഈടാക്കുന്ന പുതുക്കിയ ഫീസ് നിരക്കുകൾ

| നമ്പർ | ഇനം | ആർട്ടിക്കിൾ | നിലവിലെ ഫീസ് (രൂപ) | പുതുക്കി നിശ്ചയിച്ച ഫീസ് (രൂപ) |
|---|---|---|---|---|
| 1 | പ്രമാണത്തിന്റെ ഡ്യൂപ്ളിക്കേറ്റോ അഥവാ മറ്റ് രേഖയോ (കൗണ്ടർപാർട്ട്) അസ്സൽ പ്രമാണത്തോടൊപ്പം ഹാജരാക്കുമ്പോൾ അതൊന്നിച്ച് രജിസ്റ്റർ ചെയ്യുന്നതിന് | 1(r)1 | 25 | 200 |
| 2 | ഒരു റദ്ദാക്കൽ ആധാരത്തിനോ നിരസന പത്രത്തിനോ ഉള്ള രജിസ്ട്രേഷൻ ഫീസ് പരമാവധി | 1(u) | 50 | 200 |
| 3 | രജിസ്റ്റർ ചെയ്യപ്പെടുന്നതിനായി ഹാജരാക്കുന്ന പ്രമാണങ്ങളുടെ ഓരോ ശരിപ്പകർപ്പിനും ഈടാക്കുന്ന അധിക ഷീറ്റിന്റെ ഫീസ്. | 1(W) | 1/ Sheet | 10/ sheet |
| 4 | രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ പണം കൊടുക്കുകയോ സാധനങ്ങൾ ഏൽപിച്ചു കൊടുക്കുകയോ സംബന്ധിച്ചു നൽകേണ്ട അധിക ഫീസ് | 1(x) | 5<br>10<br>25 | 10% of the amount of consideration paid or acknowledged before the registering officer subject to max 500 |
| 5 | രജിസ്റ്റർ ചെയ്ത പണയാധാരത്തിലെ വ്യവസ്ഥകൾ മാറ്റം വരുത്തുന്ന ഉടമ്പടിയിൻമേലുള്ള രജിസ്ട്രേഷൻ ഫീസ് പരമാവധി. | Y(v) | 25 | 250 |
| 6 | ഒരു തർജ്ജമ ഫയൽ ചെയ്യുന്നതിന് | II | 10 | 100 |
| 7 | വകുപ്പ് 30(1) പ്രകാരം ഒരു രജിസ്ട്രാർ പ്രമാണം രജിസ്ററർ ചെയ്യുന്നതിന് | III | 50 | 200 |
| 8 | ഇന്ത്യൻ രജിസ്ട്രേഷൻ നിയമം 64,65,66,67 എന്നീ വകുപ്പുകൾ പ്രകാരമുള്ള മെമ്മോറാണ്ടത്തിന് വേണ്ടിയുള്ള ഓരോ പകർപ്പിനും | IV(1) | 20 | 50 |
| 9. | മറ്റു സംസ്ഥാനങ്ങളിലേക്ക് കൈപ്പറ്റ് രസീത് സഹിതം രജിസ്റ്റേർഡ് പോസ്റ്റിൽ ജില്ലാ പകർപ്പോ മെമ്മോറാണ്ടമോ അയയ്ക്കുന്നതിനുള്ള ചെലവിനായി ഈടാക്കുന്ന ഫീസ് | IV(2) | 15 | 100 |
| 10 | വിൽപ്പത്രമോ ദത്തെടുക്കുന്നതിനുള്ള അധികാരപത്രമോ തുറന്നു ഹാജരാക്കുന്നതിനുള്ള ഫീസ് | V(i & ii) | 100 | 500 |
| 11 | ദത്തെടുപ്പാധാരത്തിന് | V(iv) | 100 | 1000 |
| 12 | മുക്ത്യാർ നാമം പ്രമാണീകരിക്കുന്നതിന് (സാക്ഷ്യപ്പെടുത്തുന്നതിന്) | VII( 1 & 2) | 30 | 100 |
| 13 | സ്വകാര്യ വസതിയിൽ രജിസ്ട്രേഷൻ നടത്തുന്നതിന്<br>ജയിൽ/ ആശുപത്രി | VIII(1)(a)<br>(b) | 100<br>20 | 500<br>100 |
| 14 | രജിസ്ട്രേഷൻ ഓഫീസിൽ ഹാജരാകുന്നതിൽ നിന്നും ഒഴിവാക്കപ്പെടാത്ത ഓരോ ആളുകളേയും സംബന്ധിച്ച നടപടികൾക്കായി | VIII(3) | 50 | 100 |

| | | | | |
|---|---|---|---|---|
| 15 | അവകാശപ്പെടാതെ കിടക്കുന്ന ഒരു ആധാരത്തിന്റെയോ സാക്ഷ്യപ്പെടുത്തിയ പകർപ്പിന്റെയോ ബാദ്ധ്യതാ സർട്ടിഫിക്കറ്റിന്റെയോ 15 ദിവസത്തിൽ കൂടുതൽ ഉള്ള സൂക്ഷിപ്പ് ഫീസ്<br>30 ദിവസത്തിന് പരമാവധി | IX | 25<br>100 | 50<br>200 |
| 16 | ബാദ്ധ്യതാ സർട്ടിഫിക്കറ്റ് | | | |
| | ആദ്യ 5 വർഷത്തിന് | XI<br>(1),(2) | 10 – 30 | 100 |
| | 5 വർഷത്തിനു ശേഷം 30 വർഷം വരെ | | 35 – 155 | 250 |
| | 30 വർഷത്തിനു ശേഷമുള്ള ഓരോവർഷത്തിനും | | 5 | 25 |
| | അപേക്ഷാ ഫീസ് | (3) | 1 | 10 |
| 17 | ആധാരപകർപ്പുകൾ | XII<br>(1) (2) | Rs.7/100 words | 200/ Document |
| 18 | ഷെഡ്യൂൾ 13 (1),(2),(3),(4),(5) എന്നിവ പ്രകാരമുള്ള ഫീസ് | XIII | 30 | 50 |
| 19 | രജിസ്റ്റർ ചെയ്ത ആധാരത്തിനെതിരെ പരാതിപ്പെട്ട് കൊണ്ടും രജിസ്റ്റർ ചെയ്യുന്നതിൽ നിന്നും ആധാരം പിൻവലിച്ചുകൊണ്ടും സമർപ്പിക്കുന്ന അപേക്ഷകൾക്ക് | XIIIA<br>a & b | 10 | 50 |
| 20 | 25(2), 34(4) & 36 എന്നീ വകുപ്പുകൾ പ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾക്ക് | XIV | 2 | 20 |
| 21 | മുക്ത്യാർ നാമം റദ്ദു ചെയ്യുന്നതിനുള്ള അപേക്ഷകൾക്ക് | XIV a | 10 | 100 |
| 22 | ഒഴിവുദിന രജിസ്ട്രേഷൻ | XV | 50 | 1000 |
| 23 | മുക്ത്യാർ നാമത്തോടൊപ്പം തർജ്ജമ ഫയൽ ചെയ്യുന്നതിന് | XVI | 20 | 500 |
| 24 | കോപ്പിയിംഗ് ഷീറ്റിന്റെ വിൽപന വില | XX | 3 | 10 |
| 25 | ആധാരത്തോടൊപ്പം സർവെ ഭൂപടം ഫയൽ ചെയ്യുന്നതിന് | XXI | 10 | 50 |